ഉത്തരം

(എ) ഉണ്ട്.

(ബി) പരാതികൾ ലഭിക്കുന്ന അവസരങ്ങളിൽ ആയത് അന്വേഷിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുകയും പരാതികൾ പരിഹരിക്കുകയും ചെയ്തു വരുന്നു.

(സി&ഡി) ഉണ്ട്. ഇത്തരത്തിലുള്ള അനധികൃത ടാങ്കറുകൾക്ക് സെപ്റ്റേജ് നൽകാതിരിക്കുന്നതിനായും ഈ വിഷയത്തിൽ പൊതുജന ശ്രദ്ധ ക്ഷണിക്കുന്നതിനായും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മാധ്യമങ്ങളിൽ സംസ്ഥാന വ്യാപകമായി പത്രപരസ്യം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അനധികൃത ടാങ്കർ ലോറികൾ ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 340 (എ) (ബി) വകുപ്പുകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി നടപടി സ്വീകരിക്കാവുന്നതാണ്.

പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവച്ച നടപടി

144 (1580) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽനിന്നും വിരമിച്ച ഡോ. കെ. സുമയുടെ പെൻഷൻ ആനുകൂല്യങ്ങൾ നഗരസഭ നടപ്പിലാക്കിയ നേത്രചികിത്സാ ക്യാമ്പിന്റെ പേരിൽ 3 വർഷമായി തടഞ്ഞുവച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) നേത്രചികിത്സാ ക്യാമ്പിന് ചെലവാക്കിയ പ്ലാൻ ഫണ്ടിന് പകരം തനത് ഫണ്ട് സർക്കാരിലേക്കടയ്ക്കാൻ മുനിസിപ്പാലിറ്റി തീരുമാനിക്കുകയും അനുമതിയ്ക്കായി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ടോ ;

(സി) ഇതുസംബന്ധിച്ച അനുമതി മുനിസിപ്പാലിറ്റിക്ക് നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച ഉത്തരവ് നടപ്പിലാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റേയും മുനിസിപ്പൽ തീരുമാനങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2009-10-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലും എ.ജി. ഓഡിറ്റ് റിപ്പോർട്ടിലും 53419 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ ഓഡിറ്റ് തടസ്സത്തിൽ വച്ചത് ശ്രദ്ധതിയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) അന്ധതാ നിവാരണ പരിപാടി എന്ന പ്രോജക്ടിന് വികസന ഫണ്ടിൽ നിന്നും മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചതിനു തുല്യമായ തുകയായ 53419 രൂപ തനതുഫണ്ടിൽനിന്നും സർക്കാരിലേക്ക് തിരിച്ചടയ്ക്കണമെന്ന് സർക്കാർ നഗരസഭയ്ക്ക് നിർദ്ദേശം നൽകിയിരുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

നഗരസഭകളുടെ ഗ്രേഡ് ഉയർത്തിയതുമായി ബന്ധപ്പെട്ട അധിക തസ്തികകൾ

145 (1582) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളുടെ ഗ്രേഡ് ഉയർത്തി ഉത്തരവായതുമായി ബന്ധപ്പെട്ട് നഗരസഭകളിൽ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര തസ്തികകൾ പുതുതായി ആവശ്യമുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത തസ്തികകൾ അനുവദിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) തസ്തികകൾ കണക്കാക്കിയിട്ടില്ല.

(സി) പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly